പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2077 **26-10-2026-ൽ മറുപടിയ്ക്ക്**

ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധനാ സംവിധാനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. പി. സുമോദ് ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരി ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മറുപടി: സംസ്ഥാനത്തെ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരി ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങളുടെ സംഭരണം മുതൽ വിതരണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്.

1. ഗോഡൗണുകളിൽ സംയുക്ത പരിശോധന:

ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുക്കുന്നതിന് മുമ്പ് ജില്ലാ സപ്ലൈ ഓഫീസർമാർ/താലൂക്ക് സപ്ലൈ ഓഫീസർമാർ, സപ്ലൈകോ ഡിപ്പോ മാനേജർ, ഗുണനിലവാര പരിശോധന ഉദ്യോഗസ്ഥൻ, സപ്ലൈകോ ജൂനിയർ മാനേജർ, മറ്റു NFSA ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട ടീം FCI യിൽ എത്തി റാൻഡം സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

2. സാമ്പിൾ ശേഖരണവും സൂക്ഷിക്കലും:

സംയുക്ത പരിശോധനയ്ക്കുശേഷം ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഭാവിയിൽ പരിശോധിക്കുന്നതിനായി സ്റ്റോക്ക് അടിസ്ഥാനത്തിൽ സീൽ ചെയ്ത സാമ്പിളുകൾ ശേഖരിക്കുകയും ഇവ ഗോഡൗണിൽ പ്രദർശിപ്പിക്കുന്നതിനും മറ്റൊരു സാമ്പിൾ FCI-യിൽ സൂക്ഷിക്കുന്നതിനും വ്യവസ്ഥയുണ്ട്.

3. കസ്റ്റം മിൽഡ് റൈസിന്റെ പരിശോധന:

മില്ലുകളിൽ വച്ച് പാഡി മാർക്കറ്റിംഗ് ഓഫീസർ (PMO) ഗുണ നിലവാരം ഉറപ്പു വരുത്തി സപ്ലൈകോ NFSA GODOWN കളിലേക്ക് അയയ്ക്കുന്ന Custom Miled Rice (CMR) വീണ്ടും സപ്ലൈകോയിലെ ഗുണനിലവാര ഉദ്യോഗസ്ഥൻ ഉൾപ്പെട്ട QUALITY ASSURANCE COMMITTEE പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

4. സാമ്പിളുകൾ താരതമ്യം ചെയ്യൽ:

ഗോഡൗണുകളിൽ നിന്നും വിതരണ ശൃംഖലയിലെ വിവിധ ഘട്ടങ്ങളിൽ നിന്നും ശേഖരിക്കുന്ന സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കാനും വ്യത്യാസങ്ങൾ കണ്ടെത്താനും സംവിധാനങ്ങളുണ്ട്.

മേൽ പ്രസ്താവിച്ചവ കൂടാതെ, റേഷൻ കടകളിൽ വിതരണത്തിനായി എത്തിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സംഭരണത്തിലും വിതരണത്തിലും ഗുണനിലവാരത്തകർച്ച സംഭവിക്കുന്നില്ലെന്ന് പരിശോധിക്കുന്നതിനുമായി പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർ മുഖേനയും പരിശോധനകൾ നടത്തിവരുന്നു. ഗുണനിലവാരത്തെക്കുറിച്ച് ഗുണഭോക്താക്കളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിശോധിച്ച് ആവശ്യമായ തുടർ നടപടികളും സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ